# Adat Gramapanchayat














# അടാട്ട് ഗ്രാമപഞ്ചായത്ത്

# നൂതന പദ്ധതികൾ :
# അടാട്ട് മാതൃക

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ 680 581

നവംബർ 2011

**നൂതന പദ്ധതികൾ : അടാട്ട് മാതൃക**

നവംബർ 2011

*ചീഫ് എഡിറ്റർ :*
**ഡോ.പി.പി. ബാലൻ**
ഡയറക്ടർ, കില

*എഡിറ്റർ :*
**ഡോ. ജെ.ബി. രാജൻ**
കോഴ്സ് ഡയറക്ടർ, കില

*അസോസിയേറ്റ് എഡിറ്റർ :*
**പ്രദീപ് പി.എൻ.**
ട്രെയിനിംഗ് അസോസിയേറ്റ്, കില

*സഹായം*
**ശ്രീമതി ടി. ജയലക്ഷ്മി**
പ്രസിഡന്റ്, അടാട്ട് ഗ്രാമപഞ്ചായത്ത്

**ശ്രീ ടി. ജയചന്ദ്രൻ**
വൈസ് പ്രസിഡന്റ്, അടാട്ട് ഗ്രാമപഞ്ചായത്ത്

*തയ്യാറാക്കിയത്*
**പ്രദീപ് പി.എൻ.**
ട്രെയിനിംഗ് അസോസിയേറ്റ്, കില

**അനിൽ അക്കര**
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ,
തൃശൂർ ജില്ലാ പഞ്ചായത്ത്

**വേലായുധൻ മാസ്റ്റർ**
അടാട്ട് ഗ്രാമപഞ്ചായത്ത്

*ഡി.ടി.പി. :*
**സുലോചന**

*പ്രസാദനം :*

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ 680 581
ഫോൺ : 0487-2201768, 2200244 (ഓഫീസ്), 0487-2201312 (ഡയറക്ടർ)
0487-2201062 (ഫാക്സ്), ഇ-മെയിൽ : kilaonline.org

*അച്ചടി :*
**കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ് 2200391**

## ആമുഖം

കേരളത്തിലെ ജനകീയാസൂത്രണം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. എന്നാൽ കേരളം അഭിമുഖീകരിക്കുന്ന മാലിന്യനിർമ്മാർജ്ജനം, ഖരമാലിന്യ സംസ്കരണം, പ്രകൃതിവിഭവ പരിപാലനം, തൊഴിൽ എന്നി മേഖലകളിൽ ഇനിയും പ്രാദേശിക ഭരണകൂടങ്ങൾ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് പ്രോജക്ടുകളുടെ അഭാവമാണ് മുഖ്യകാരണം. എന്നാൽ പ്രസ്തുത മേഖലകളിൽ പ്രവർത്തനമികവ്കൊണ്ട് വ്യത്യസ്തമായിട്ടുള്ളതാണ് തൃശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്ത്. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സ്വരാജ് ട്രോഫി ഉൾപ്പെടെ നിരവധി അവാർഡുകൾ ഈ ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കിയിട്ടുണ്ട്. അടാട്ട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ നൂതന പദ്ധതികളെക്കുറിച്ച് ഇതര പഞ്ചായത്തുകളിലെ ജനപ്രതിനിധികളിലും ഉദ്യോഗസ്ഥരിലും ഒരു അവബോധം സൃഷ്ടിക്കുകയും മാതൃകകൾ അനുവർത്തിക്കുന്നതിനുള്ള കർമ്മപരിപാടി തയ്യാറാക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി പഠന പരമ്പര കില സംഘടിപ്പിക്കുന്നു. പഠന പരിപാടിയിലെ പങ്കാളികൾക്കാണ് പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ മാതൃകകൾ ഉൾക്കൊണ്ട് ഇതര ഗ്രാമപഞ്ചായത്തുകൾ ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് പ്രത്യാശിക്കുന്നു.

**ഡോ. പി.പി. ബാലൻ,**
ഡയറക്ടർ

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| | ആമുഖം | |
| 1. | ഖരമാലിന്യ സംസ്കരണ യൂണിറ്റ് | 7 |
| 2. | കേരശ്രീ വെളിച്ചെണ്ണ ഉൽപാദന യൂണിറ്റ് | 9 |
| 3. | ആശ്രയ അഗതി പുനരധിവാസ പദ്ധതി | 11 |
| 4. | പുഴയ്ക്കൽ-റിവർ ടൂറിസം വില്ലേജ് | 13 |
| 5. | വിലങ്ങൻകുന്ന് ജൈവസംരക്ഷണ വലയം | 16 |
| 6. | ജൈവകൃഷി പ്രോത്സാഹന പദ്ധതി | 18 |


# അടാട്ട് ഗ്രാമപഞ്ചായത്ത്

തൃശൂർ നഗരത്തിൽ നിന്ന് 10 കിലോമീറ്റർ അകലെ വടക്കു -പടിഞ്ഞാറു ദിശയിലാണ് പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലാണ് അടാട്ട് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഭൂപ്രകൃതികൊണ്ട് വളരെ സവിശേഷതകളുള്ള പ്രദേശത്താണ് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഒരു ഭാഗം ഉയർന്ന കുന്നിൻപ്രദേശവും മറുഭാഗത്ത് 4000 ഏക്കറോളം കോൾപാടങ്ങൾ. ഇപ്പോഴും 60 ശതമാനത്തോളം ജനങ്ങൾ കൃഷി, കൃഷി -അനുബന്ധ മേഖലയിൽ തൊഴിലെടുക്കുന്നവരാണ്.

ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതിയിലെ വൈവിധ്യം മൂലം ചില സ്ഥായിയായ പ്രശ്നങ്ങൾ അടാട്ട് ഗ്രാമപഞ്ചായത്തിനുണ്ട്. കോൾ പാടങ്ങളുള്ള ഈ പ്രദേശത്ത് ഉപ്പുവെള്ളത്തിന്റെ കയറ്റം മൂലം പല ഭാഗങ്ങളിലും കൃഷി അസാധ്യമാകുന്നു. കൂടാതെ ജലത്തിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ 0.5ppm അളവിൽ നിന്നും വളരെ കൂടുതലായ 4ppm എന്ന അവസ്ഥയിലാണ്. അതുകൊണ്ട് ജലം ധാരാളം ലഭ്യമാണെങ്കിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. തൃശൂർ നഗരത്തിനോടുചേർന്ന പ്രദേശമായതും ദേശീയപാത ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോവുകയും ചെയ്യുന്നതുകൊണ്ട് ഖരമാലിന്യം ഗ്രാമപഞ്ചായത്തിൽ വലിയ ഒരു പ്രശ്നമാണ്. നഗരപ്രദേശത്തോട് ചേർന്ന ഗ്രാമപ്രദേശങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ അടാട്ട് ഗ്രാമപഞ്ചായത്തും അനുഭവിക്കുന്നു.

| | | |
|---|---|---|
| ജില്ല | : | തൃശൂർ |
| ബ്ലോക്ക് | : | പുഴക്കൽ |
| വിസ്തൃതി | : | 23.02 ച. കി.മീ. |
| വാർഡുകൾ | : | 18 |
| ജനസംഖ്യ | : | 23441 |
| പുരുഷന്മാർ | : | 11155 |
| സ്ത്രീകൾ | : | 12286 |
| ജനസാന്ദ്രത | : | 1018 |
| സ്ത്രീ-പുരുഷ അനുപാതം | : | 1101 : 1000 |
| സാക്ഷരതാ നിരക്ക് | : | 92.7% |
| സാക്ഷരത - പുരുഷന്മാർ | : | 94.4% |
| സാക്ഷരത - സ്ത്രീകൾ | : | 91.9% |



# 1 ഖരമാലിന്യ സംസ്കരണ യൂണിറ്റ്

അടാട്ട് ഗ്രാമപഞ്ചായത്ത് നേരിട്ട പ്രധാന പ്രശ്നമായിരുന്നു ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ കുമിഞ്ഞുകൂടുന്ന മാലിന്യങ്ങൾ. ഇനി ഒരു ശാശ്വത പരിഹാരം എന്ന നിലയിലാണ് ഗ്രാമപഞ്ചായത്ത് ഖര-മാലിന്യസംസ്കരണ-ജൈവവള ഉൽപാദന കേന്ദ്രം ആരംഭിച്ചത്.

പുറനാട്ടുകരയിൽ കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെയാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഇത് ഒരു സംയോജിത പദ്ധതിയാണ്. മാലിന്യം വളമാക്കി മാറ്റാൻ ആവശ്യമായ ചാണകത്തിന്റെ ലഭ്യതക്കുവേണ്ടി പ്ലാന്റിനോടു ചേർന്ന് പശുവളർത്തൽ കേന്ദ്രവും നടത്തുന്നു. ഇത് അംഗങ്ങൾക്ക് അധിക വരുമാനവും പ്ലാന്റിലേക്കാവശ്യമായ ചാണകത്തിന്റെ ലഭ്യതയും ഉറപ്പാക്കുന്നു.

**പദ്ധതി പ്രവർത്തനം**

ഗ്രാമപഞ്ചായത്തിൽ 20 സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുള്ള സംഭരണ വട്ടികളിൽ ജനങ്ങൾ, ഹോട്ടലുകൾ, വിവാഹ ഹാളുകൾ, ഫ്ളാറ്റിലുള്ളവർ എന്നിവർ ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നു. ഇവിടെ നിന്ന് സംഭരിക്കുന്ന മാലിന്യങ്ങൾ സംസ്കരണ പ്ലാന്റിലെത്തിച്ചു തരംതിരിക്കും. തുടർന്ന് ജൈവമാലിന്യങ്ങൾ പ്ലാന്റിൽ പ്രത്യേകം സജ്ജമാക്കിയിരിക്കുന്ന അറകളിൽ നിക്ഷേപിക്കും. മുകളിൽ ചാണകം വിതറിയശേഷം ആവശ്യത്തിന് വെള്ളവും ചേർത്ത് മൂടിയിടും. 45 ദിവസത്തിനകം മാലിന്യങ്ങൾ ജൈവവളമായി രൂപപ്പെടും. ഇവ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ശേഖരണ ടാങ്കുകളിലേക്ക് മാറ്റും. അതിന്ശേഷം

ആവശ്യക്കാർക്ക് മിതമായ നിരക്കിൽ വിപണനം നടത്തും. ഗ്രാമ പഞ്ചായത്ത് ഈ വളം വാങ്ങി 50% സബ്സിഡി നിക്കിൽ കർഷ കർക്ക് നൽകുന്നുമുണ്ട്. 20 പേരാണ് പ്ലാന്റിൽ ജോലിയെടുക്കു ന്നത്. ഗ്രാമപഞ്ചായത്ത് മാസം തോറും ഹോട്ടലുകളിൽ നിന്ന് 1500 രൂപ, ഫ്ളാറ്റ് 1000 രൂപ, കല്യാണ ഹാളുകളിൽ നിന്ന് ഓരോ കല്യാണത്തിനും 250 രൂപ എന്ന നിരക്കിൽ ഖരമാലിന്യ സംസ്കരണത്തിനായി ഈടാക്കുന്നു. ഇത്തരത്തിൽ പ്രതിമാസം 60,000/- രൂപയുടെ വരുമാനമുണ്ട്.

### നിർവ്വഹണം

2001 ൽ നിർമ്മാണം ആരംഭിച്ച പ്ലാന്റ് 2003 ൽ പ്രവർത്തനം ആരംഭിച്ചു. ദിവസവും ഒരു ടൺ വരെ മാലിന്യങ്ങൾ സംസ്ക രിക്കാനുള്ള ശേഷിയുണ്ട്.

### പദ്ധതി അടങ്കൽ

ആകെ 50 ലക്ഷം രൂപ, 46 ലക്ഷം രൂപ സംസ്ഥാന സർക്കാർ പദ്ധതിയിൽ നിന്നും 4 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും.

### കൈവരിച്ച നേട്ടങ്ങൾ

- പഞ്ചായത്തിലെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം.
- മാലിന്യങ്ങൾ വളമാക്കി ജൈവകൃഷിയ്ക്ക് ഉപയോഗിക്കുന്നു.
- 20 പേർക്ക് സ്ഥിരവരുമാനം
- അനുകരണീയമായ ലളിത സാങ്കേതികവിദ്യ

### പ്രശ്നങ്ങൾ/വെല്ലുവിളികൾ

- എല്ലാതരം മാലിന്യവും വളമാക്കാൻ സാധിക്കുന്നില്ല
- പൊതുജനങ്ങൾ പുറത്തേക്ക് വലിച്ചെറിയുന്ന മാലിന്യങ്ങൾ
- വളത്തിന്റെ ഗുണമേന്മ പരിശോധിക്കാൻ സംവിധാനമില്ല



## 2 കേരശ്രീ വെളിച്ചെണ്ണ ഉൽപ്പാദന യൂണിറ്റ്

അടാട്ട് ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ശുദ്ധമായ വെളി ച്ചെണ്ണയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കുടുംബശ്രീ പ്രവർത്തനങ്ങളുടെ സാമ്പത്തിക ശാക്തീകരണവും ലക്ഷ്യം വച്ചുകൊണ്ടാണ് 'കേരശ്രീ' വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റിന് തുടക്കം കുറിച്ചത്.

### പദ്ധതി പ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ നിന്നും സമീപ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന തേങ്ങ പ്ലാന്റിൽ പൊതിച്ച് വെട്ടി ഉണക്കി അവി ടെതന്നെ ആട്ടി ശുദ്ധമായ വെളിച്ചെണ്ണ ഉണ്ടാക്കുന്നു. വർഷം മുഴുവൻ പ്രവർത്തനം നടത്തുന്നതിനായി കൊപ്ര ഉണക്കുന്ന തിന് കൊപ്ര 'ഡ്രയറും' കൊപ്ര ആട്ടുന്നതിന് 'എക്സ്പെല്ലറും' ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ശുദ്ധമായി ഉൽപ്പാദിപ്പിക്കുന്ന ഈ വെളിച്ചെണ്ണക്ക് 'കേരശ്രീ' എന്ന് പേര് നൽകിയാണ് വിപ ണിയിൽ വിൽക്കുന്നത്. കുടുംബശ്രീയിലെ 10 പ്രവർത്തകർ ചേർന്നാണ് ഈ പദ്ധതി നടത്തിക്കൊണ്ടിരിക്കുന്നത്.

### പദ്ധതി അടങ്കൽ

ആകെ 5 ലക്ഷം രൂപ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം (പ്ലാൻ ഫണ്ട്).

### നിർവ്വഹണം

2005 ലാണ് പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നത്.

### നേട്ടങ്ങൾ

- കുടുംബശ്രീയുടെ സാമ്പത്തിക ശാക്തീകരണം
- കുടുംബശ്രീയിലെ 10 അംഗങ്ങൾക്ക് ദിവസം 280 രൂപ വീതം സ്ഥിരവരുമാനം
- കൊപ്രശേഖരണം മുതൽ വെളിച്ചെണ്ണയുടെ വിപണനം വരെ കുടുംബശ്രീ പ്രവർത്തകർ നിർവ്വഹിക്കുന്നതുമൂലം ശാക്തീകരണം നടപ്പിലാകുന്നു.

### പ്രശ്നങ്ങൾ/വെല്ലുവിളികൾ

- സ്ഥിരം വിപണനശൃംഖല കണ്ടെത്താത്തതുകൊണ്ട് പ്ലാന്റിന്റെ പൂർണ്ണശേഷി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല
- ആധുനിക വിപണനതന്ത്രങ്ങളിലുള്ള വൈദഗ്ദ്ധ്യക്കുറവ്



## 3 ആശ്രയ അഗതി പുനരധിവാസ പദ്ധതി

ഗ്രാമപഞ്ചായത്തിലെ 'ആശ്രയ' ഗുണഭോക്താക്കൾക്ക് ജീവിതയോഗ്യമായ ഗുണനിലവാരമുള്ള പാർപ്പിടം നിർമ്മിച്ചുനൽകുക എന്ന ലക്ഷ്യത്തോടെയാണ് ആശ്രയ അഗതി പുനരധിവാസ പദ്ധതി ആരംഭിച്ചത്.

### പദ്ധതി പ്രവർത്തനം

ആശ്രയ പദ്ധതിയിലെ മുൻഗണനയനുസരിച്ച് ആദ്യത്തെ 10 കുടുംബങ്ങൾക്ക് 2 നില ഫ്ളാറ്റ് നിർമ്മിച്ചു. ഒരു കിടപ്പുമുറി, അടുക്കള, കുളിമുറി, കക്കൂസ്, സ്വീകരണമുറി എന്നിവ ഉൾപ്പെടുന്നതാണ് ഓരോ ഭവനവും. ഇതിനുപുറമെ വിശാലമായ വരാന്തയും ഇതിനോടൊപ്പമുണ്ട്. ഓരോ കുടുംബത്തിനും പ്രത്യേകം വൈദ്യുതി, കുടിവെള്ളം എന്നിവയും ഒരുക്കിയിട്ടുണ്ട്.

### നിർവ്വഹണം

2010 ന്റെ അവസാനത്തിൽ നിർമ്മാണം ആരംഭിച്ച് 2011 അവസാനത്തിൽ നിർമ്മാണം പൂർത്തീകരിച്ചു.

### പദ്ധതി അടങ്കൽ

ആകെ 39 ലക്ഷം രൂപ, 15 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും 24 ലക്ഷം രൂപ ബഹു. കേന്ദ്ര പ്രതിരോധ മന്ത്രി ശ്രീ. എ.കെ. ആന്റണിയുടെ 2010-11 വർഷത്തെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും.

### നേട്ടങ്ങൾ

- ആശ്രയ കുടുംബങ്ങളിലെ 10 പേർക്ക് സ്ഥിര ഭവനം
- ആശ്രയ ഭവന പദ്ധതിക്ക് ഒരു നൂതന മാതൃക
- ഒറ്റക്ക് താമസിച്ചിരുന്നവരെ ഒരുമിച്ച് കൊണ്ടുവരുന്നതിലൂടെ സഹവർത്തിത്വം വളർത്താൻ സഹായിക്കുന്നു
- കുറഞ്ഞ സ്ഥലലഭ്യതയിൽ കൂടുതൽ കുടുംബങ്ങൾക്ക് താമസം ഇത് കേരള സാഹചര്യത്തിൽ അനുയോജ്യം

### പ്രശ്നങ്ങൾ/വെല്ലുവിളികൾ

കേരളത്തിൽ സ്ഥലത്തിന്റെ വർദ്ധിച്ച വില/സ്ഥലത്തിന്റെ ലഭ്യത കുറവ്.



## 4 പുഴയ്ക്കൽ - റിവർ ടൂറിസം വില്ലേജ്

പുഴ സംരക്ഷണത്തിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കുടിവെള്ള പ്രശ്നത്തിന്പരിഹാരവും, പുഴ അനുബന്ധ ടൂറിസം വികസനവും ലക്ഷ്യമിട്ടുകൊണ്ടാണ് 'പുഴയ്ക്കൽ - റിവർ ടൂറിസം വില്ലേജ്' എന്ന ഒരു പദ്ധതിക്ക് പഞ്ചായത്ത് രൂപം കൊടുത്തത്.

### പദ്ധതി പ്രവർത്തനം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിന്റെ വടക്കുനിന്നുള്ള പ്രവേശനകവാടമായ പുഴയ്ക്കൽ പാടത്തിനോടു ചേർന്നുകിടക്കുന്ന അടാട്ട് ഗ്രാമപഞ്ചായത്തിന്റെ പ്രധാന കുടിവെള്ള സ്രോതസ്സാണ് അമ്പക്കാട്ട്പുഴ. വർഷങ്ങളായി ഉപയോഗിക്കാതെ മാലിന്യക്കൂമ്പാരമായി മാറിയ പുഴയെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി വൃത്തിയാക്കിയെടുത്തു. പക്ഷെ ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം പ്രദേശത്ത് ഉപ്പുവെള്ളം കയറലും, ജലത്തിലെ ഇരുമ്പിന്റെ അംശം കൂടുതലായതും മൂലം ജലം ഉപയോഗയോഗ്യമല്ലാതായി. 2005 ൽ തമിഴ്നാട്ടിലെ SRM എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിന്റെ മാതൃക അനുകരിച്ച് ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചു. അതിൽ നിന്ന് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ശുദ്ധജലം വിതരണം ചെയ്തു. പുഴയുടെ സംരക്ഷണത്തിനായി പുഴ ഉൾപ്പെടുന്ന 5 ഏക്കർ പ്രദേശം ഒരു ടൂറിസം വില്ലേജാക്കി മാറ്റി. പുഴയിൽ 'പെഡൽ' ബോട്ടിംഗിനുള്ള സൗകര്യം, അനുബന്ധമായി കുടുംബശ്രീ ലഘു

ഭക്ഷണശാല, അടാട്ട് ജൈവ അരി വിപണന കേന്ദ്രം എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. റിവർ ടൂറിസം - വില്ലേജിലും അനുബന്ധ സംരഭങ്ങളിലുമായി 10 പേർ ദിവസവും പ്രവർത്തിക്കുന്നു.

**നിർവ്വഹണം**

2007 ലാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 2008 ൽ പൂർണ്ണരൂപത്തിൽ പദ്ധതി പ്രവർത്തനമാരംഭിച്ചു.

**പദ്ധതി അടങ്കൽ**

ഗ്രാമപഞ്ചായത്ത് വികസനത്തിൽ നൂതനമായ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയും 20 ലക്ഷം രൂപ പദ്ധതി വിഹിതം, 15 ലക്ഷം രൂപ സ്വകാര്യ മേഖലയിൽ നിന്ന് മുതൽമുടക്കിയിട്ടുണ്ട്.

ജലവിതരണ പദ്ധതിക്ക് ആകെ ചെലവ് 221.50 ലക്ഷം രൂപ. ഇതിൽ ഗുണഭോക്തൃവിഹിതമായി 87.5 ലക്ഷം രൂപ സമാഹരിച്ചു. ബാക്കി തുക പഞ്ചായത്ത് തനത് ഫണ്ട്, പ്ലാൻ ഫണ്ട്, സ്വരാജ് ട്രോഫി അവാർഡിന്റെ സമ്മാന തുക എന്നിവയിൽ നിന്ന് കണ്ടെത്തി പദ്ധതിയുടെ ആദ്യഘട്ടത്തിൽ 5000 രൂപ ഗുണഭോക്തൃവിഹിതം സ്വീകരിച്ച് 1000 പേർക്ക് കുടിവെള്ളം ലഭ്യമാക്കി. രണ്ടാം ഘട്ടത്തിൽ 7500 രൂപ ഗുണഭോക്തൃവിഹിതം സ്വീകരിച്ച് 500 പേർക്കുകൂടി കുടിവെള്ളം ലഭ്യമാക്കി.

**നേട്ടങ്ങൾ**

- മാലിന്യക്കൂമ്പാരമായിരുന്ന അമ്പക്കാട്ടുപുഴയുടെ ഒരു ഭാഗം പുനരുജ്ജീവിപ്പിക്കപ്പെട്ടു.





- ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 1500 കുടുംബങ്ങൾക്ക് ശുദ്ധ ജലം ലഭ്യമാകുന്നു.
- പൊതു-സ്വകാര്യ-പങ്കാളിത്തം പഞ്ചായത്ത് വികസനത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു.
- ജനങ്ങൾക്ക് ഉല്ലാസത്തിനുള്ള സൗകര്യം.
- ഗ്രാമപഞ്ചായത്തിന് നികുതിയിനത്തിൽ 3,00,000 രൂപയുടെ അധിക വാർഷിക വരുമാനം.
- അടാട്ട് ജൈവ അരിയുടെ വിപണന കേന്ദ്രം.
- ദിവസം ഏകദേശം 100 വിനോദസഞ്ചാരികൾ വില്ലേജ് സന്ദർശിക്കുന്നു.

**പ്രശ്നങ്ങൾ/വെല്ലുവിളികൾ**

- പുഴയുടെ വലിയൊരു ഭാഗം വൃത്തിയാക്കാൻ അവശേഷിക്കുന്നു
- പുഴയോടു ചേർന്ന പ്രദേശങ്ങൾ വൃത്തിഹീനമായി കിടക്കുന്നത് ജലത്തിന്റെ ശുദ്ധിയെ ബാധിക്കുന്നു

# 5 വിലങ്ങൻകുന്ന് ജൈവസംരക്ഷണ വലയം

തൃശൂർ നഗരത്തിൽ നിന്ന് 15 കി.മീ. അകലെ സുന്ദരവും 100 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നതുമായ വിലങ്ങൻകുന്ന് വൻതോതിലുള്ള മണ്ണെടുപ്പും മണ്ണൊലിപ്പും കൊണ്ട് നശിച്ചു കൊണ്ടിരിക്കുകയായിരുന്നു. വിലങ്ങൻകുന്നിന്റെ പുനസ്ഥാപനത്തിനായി വിലങ്ങൻകുന്ന് ജൈവസംരക്ഷണ വലയം എന്ന പദ്ധതിക്ക് പഞ്ചായത്ത് രൂപം കൊടുത്തു.

**പദ്ധതി പ്രവർത്തനം**

പ്രദേശത്ത് മണ്ണെടുപ്പ് പൂർണ്ണമായും നിരോധിക്കുകയും മണ്ണൊലിപ്പ് പ്രതിരോധനത്തിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി മാവ്, കൊന്ന, രാമച്ചം എന്നീ വൃക്ഷതൈകൾ ജൈവ ആവരണമായി നട്ടുവളർത്തുകയും ചെയ്തു.

**നിർവ്വഹണം**

ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2000 ത്തിലാണ് .

**പദ്ധതി അടങ്കൽ**

ആകെ ഒരു ലക്ഷം രൂപ. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് നടിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുകയാണുണ്ടായത്

**നേട്ടങ്ങൾ**

- മണ്ണെടുപ്പ്, മണ്ണൊലിപ്പ് എന്നിവ തടയാനായി.





- മൊട്ടക്കുന്നായി മാറിക്കൊണ്ടിരുന്ന വിലങ്ങൻകുന്നിനെ ഹരിതാഭമാക്കാൻ സാധിച്ചു.
- വർഷംതോറും 50000 വിനോദസഞ്ചാരികൾ വിലങ്ങൻകുന്ന് സന്ദർശിക്കുന്നു.
- പാഴായിപൊയ്ക്കൊണ്ടിരുന്ന മഴവെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങാൻ തുടങ്ങിയതുമൂലം സമീപ പ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ജലത്തിന്റെ അളവ് വർദ്ധിച്ചു.

**പ്രശ്നങ്ങൾ/വെല്ലുവിളികൾ**

- ഇപ്പോഴും ടൂറിസം കൗൺസിലിന്റെ കൈവശമുള്ള വിലങ്ങൻകുന്നിൽ പഞ്ചായത്തിന്റെ ഇടപെടലിന് പരിമിതികളുണ്ട്
- മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് സാധ്യത ഏറെ ഉണ്ടെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

# 6 ജൈവകൃഷി പ്രോത്സാഹന പദ്ധതി

കാർഷികമേഖലയിൽ വൻതോതിലുള്ള രാസവള, കീടനാശിനി പ്രയോഗം മൂലമുണ്ടാകുന്ന അന്തരീക്ഷ, ജല, മണ്ണ്, വായു മലിനീകരണം അവസാനിപ്പിക്കുക, ജനങ്ങൾക്ക് ഗുണമേന്മയുള്ള ശുദ്ധമായ അരി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ജൈവകൃഷി പ്രോത്സാഹന പദ്ധതി ആവിഷ്കരിച്ചത്.

## പദ്ധതി പ്രവർത്തനം

പദ്ധതിയുടെ ഭാഗമായി 350 ഹെക്ടർ പ്രദേശത്ത് മുഴുവനായും 2500 ഹെക്ടർ പ്രദേശത്ത് ഭാഗികമായും ജൈവകൃഷി ചെയ്തുവരുന്നു. ആദ്യഘട്ടത്തിൽ 'തണൽ' എന്ന സന്നദ്ധസംഘടനയുടെ സാങ്കേതിക സഹായത്തോടെയാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി വലിയ തോതിൽ അവബോധന പരിപാടികൾ സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രതിവർഷം 1000 കർഷകർക്ക് ജൈവ ഉൽപന്നങ്ങൾ വാങ്ങുന്നതിനായി 2000 രൂപ വീതം സബ്സിഡിയായി നൽകിവരുന്നു. കാർഷിക സർവ്വകലാശാലയിൽ ഉൽപ്പാദിപ്പിക്കുന്ന സുഡോമോണസ്, ടൈക്കോകാർഡ് എന്നീ ജൈവകീടനാശിനികളും ലഭ്യമാക്കുന്നു. ഇതിനുപുറമെ ഖരമാലിന്യസംസ്കരണ യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം പകുതി വില സബ്സിഡിയിൽ കിലോയ്ക്ക് 3 രൂപ നിരക്കിൽ കർഷകർക്ക് നൽകുന്നു.

## നിർവ്വഹണം

പദ്ധതിക്ക് തുടക്കം 2002 ലാണ് കുറിച്ചത്.





## പദ്ധതി അടങ്കൽ

കഴിഞ്ഞ 10 വർഷങ്ങളിലായി 200 ലക്ഷം രൂപ വിവിധ ഫണ്ടിൽ നിന്ന്.

## നേട്ടങ്ങൾ

- വർഷത്തിൽ 60 ടൺ ശുദ്ധമായ അരി ഉൽപ്പാദിപ്പിക്കുന്നു.
- മണ്ണിനേയും ജലത്തേയും അന്തരീക്ഷത്തേയും വായുവിനേയും പാരിസ്ഥിതിക ആഘാതത്തിൽ നിന്നും സംരക്ഷിക്കുന്നു.

## പ്രശ്നങ്ങൾ/വെല്ലുവിളികൾ

- ജൈവ-കീടനാശിനികളുടേയും വളത്തിന്റേയും ലഭ്യതക്കുറവുമൂലം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിയുന്നില്ല.

*****

***കൂടുതൽ വിവരങ്ങൾക്ക്***

അടാട്ട് ഗ്രാമപഞ്ചായത്ത്
പുറനാട്ടുകര പി.ഒ.
തൃശൂർ ജില്ല,
പിൻ കോഡ് : 680 681
ഇ-മെയിൽ : adat@gmail.com

| | | |
|---|---|---|
| **ശ്രീമതി ടി. ജയലക്ഷ്മി (പ്രസിഡന്റ്)** | : | **9048331090** |
| **ശ്രീ ടി. ജയചന്ദ്രൻ (വൈസ് പ്രസിഡന്റ്)** | : | **9387108901** |
| **ശ്രീ ടി.എ. പ്രേമരാജൻ (സെക്രട്ടറി)** | : | **0487 2307302** |